"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ LHM 180 ലിബർ ക്രെയിനിന്റെ തകരാറിലായ ഹൈഡ്രോളിക്ക് ഹോസ് മാറ്റി പുതിയത് സ്ഥാപിച്ച പ്രവൃത്തി സാധൂകരിച്ച് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2026/F&P  തീയതി, തിരുവനന്തപുരം, 22-01-2026

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17/11/2022 ലെ ഡി1-3474/2017 നമ്പർ കത്തും 1/12/2025,13/1/2026 തീയതികളിലെ HOKMB-TVM/1121/2025-D1 (Tech) നമ്പർ കത്തും.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ LHM 180 ലിബർ ക്രെയിനിന്റെ തകരാറിലായ ഹൈഡ്രോളിക്ക് ഹോസ് മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തിയിലേക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(എം), ബേപ്പൂർ 12/07/2022-ൽ ഇ-മെയിലുകൾ മുഖാന്തിരം കോഴിക്കോട് തുറമുഖ ഓഫീസറെ അറിയിക്കുകയും ഇത്തരം ഹോസുകൾ മാർക്കറ്റിൽ റെഡിയായി ലഭ്യമല്ലാത്തതിനാൽ ആയത് അഴിച്ചെടുത്ത് നിർമ്മിക്കുകയാണ് വേണ്ടത് എന്നും അറിയിച്ചിരുന്നു. ടി ക്രെയിനിന്റെ ആദ്യ അഞ്ച് വർഷ എ എം സി കരാർ കാലാവധി കഴിഞ്ഞ് പുതിയ എ എം സി കരാർ ഒപ്പ് വയ്ക്കുന്നതിന്റെ ഇടയിൽ വരുന്ന കാലയളവിലാണ് ഈ ഹൈഡ്രോളിക്ക് ഓയിൽ ഹോസ് മാറ്റേണ്ട സാഹചര്യം വന്നു ചേരുകയും തുടർന്ന് നിലവിൽ തകരാറിലായ ഹോസ് ക്രയിനിൽ നിന്നും അഴിച്ചെടുത്ത് ഇത്തരത്തിലുള്ള ഹോസുകൾ നിർമ്മിക്കുന്ന മെ. ടോറസ് എഞ്ചിനീയറിങ്ങ് നടക്കാവ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ഓഫർ വാങ്ങുകയും ടി സ്ഥാപനത്തിന്റെ ഓഫർ അംഗീകരിച്ച് വിതരണ ഉത്തരവ് കോഴിക്കോട് തുറമുഖ ഓഫീസർ നൽകുകയുണ്ടായി. തകരാറിലായ ഹൈഡ്രോളിക്ക് ഹോസ് ക്രയിനിൽ നിന്നും അഴിച്ചെടുത്താണ് ഇത്തരത്തിലുള്ള പുതിയ ഹോസുകൾ നിർമ്മിക്കുന്നതിനുള്ള അളവുകൾ എടുത്തത്. ആയതിനാൽ തന്നെ ടി ലൈനിലെ ലീക്ക് മൂലം ഹൈഡ്രോളിക്ക് ഓയിൽ ലെവൽ തുടർച്ചയായി കുറയുന്നുണ്ടായിരുന്നു എന്നതിനാലും ഹൈഡ്രോളിക്ക് ഹോസ് തിരിച്ച് ക്രയിനിൽ ഘടിപ്പിച്ചാൽ മാത്രമേ ഓയിൽ ലെവൽനിർത്താൻ സാധിക്കുകയുള്ളൂ എന്നതിനാലും 17 കോടിയോളം ചിലവ് വരുന്ന മേൽ ക്രയിനിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിലേക്കും തീരദേശ കപ്പൽ ഗതാഗതം പുനരാരംഭിക്കുന്നതിനുള്ള ചർച്ചകൾ സജീവമായി പുരോഗമിക്കുമ്പോൾ പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്ന കണ്ടെയ്നർ ക്രയിൻ എന്നത് പദ്ധതിക്ക് ദോഷം ചെയ്യാനുള്ള സാധ്യത കൂടി കണക്കിലെടുത്ത് ടി വിഷയത്തിൽ കോഴിക്കോട്

തുറമുഖ ഓഫീസർ അടിയന്തിരമായ നടപടികൾ സ്വീകരിയ്ക്കുകയുണ്ടായെന്നും ആയതിനാൽ ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും ചിലവായ 16,985/- രൂപ റീക്യൂപ്പ് ചെയ്യുന്നതിന് ടി പ്രവൃത്തി സാധൂകരിച്ച് ഭരണാനുമതി 5051-80-800-98- Augmentation of workshop and stores organization - 24 Materials and supplies " എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖഓഫീസർക്ക് അനുവദിയ്ക്കണമെന്ന് കേരള മാരിടൈം ബോർഡ് സി.ഇ.ഒ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശ പരിഗണിച്ച് ബേപ്പൂർ തുറമുഖത്തെ LHM 180 ലിബർ ക്രെയിനിന്റെ തകരാറിലായ ഹൈഡ്രോളിക്ക് ഹോസ് മാറ്റി അതേ നിലവാരത്തിലുള്ള പുതിയ ഹോസ് സ്ഥാപിച്ച പോർട്ട് ഓഫീസർ, കോഴിക്കോടിന്റെ പ്രവൃത്തി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സാധുകരിച്ച് 5051-80-800-98- Augmentation of workshop and stores organization - 24 Materials and supplies " എന്ന ശീർഷകത്തിൽ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
സെക്ഷൻ ഓഫീസർ
Date: 22-01-2026 16:31:41